**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6356** — **20-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വാങ്ങുമ്പോൾ ഭൂമി ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്താണോ വാങ്ങുന്നത്; എങ്കിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതൊക്കെ സെറ്റിൽമെന്റുകളിൽ നിന്നുള്ള എത്ര ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | **ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ബന്ധപ്പെട്ട ജില്ലാകളക്ടറുടെ പേരിലാണ് ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങുന്നത്. അതിന് ശേഷമാണ് ടി ഭൂമിക്കുമേൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നത്.**<br><br>**എന്നാൽ വയനാട് ജില്ലയിൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം 2012 മുതൽ വനം വന്യജീവി വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ ഭൂമി ഗുണഭോക്താവ് തന്നെ കണ്ടെത്തിയാണ് ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നത്.**<br><br>**മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വയനാട് ജില്ലയിൽ കുറിച്യാട് സെറ്റിൽമെന്റിൽ നിന്നും 48 പേരും ചെട്യാലത്തൂർ സെറ്റിൽമെന്റിൽ നിന്നും 10 പേരും കൊട്ടങ്കര സെറ്റിൽമെന്റിൽ നിന്നും ഒരാളും ഈശ്വരൻകൊല്ലി സെറ്റിൽമെന്റിൽ നിന്ന് 3 പേരും ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്.** |
| (ബി) | ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് മുൻപായി ഭൂവുടമകൾക്ക് പണം നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര തുക നൽകിയിട്ടുണ്ടെന്നും ഏത് ഇനത്തിലാണ് തുക നൽകിയതെന്നും മുൻകൂർ തുക നൽകിയതിന് ശേഷം ഭൂമി രജിസ്ട്രേഷൻ നടപ്പാക്കാൻ സാധിക്കാത്ത സ്ഥലം എത്രയെന്നും എത്ര ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് കിട്ടാനുണ്ടെന്നും അറിയിക്കാമോ; | (ബി) | **ഉണ്ട്. വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കുറിച്യാട് കോളനിയിൽ നിന്നും പുനരധിവാസത്തിനായി തെരഞ്ഞെടുക്കപ്പെട്ട 75 കുടുംബങ്ങളിൽ 26 പേരുടെ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് ഭൂഉടമകൾക്ക് തുക നൽകിയിട്ടുണ്ട്. 26 പേർക്കായി ആകെ 12.23 ഏക്കർ ഭൂമിയ്ക്കായി 1,92,02,906/- രൂപ ഭൂഉടമകൾക്ക് നൽകിയിട്ടുണ്ട്.**<br><br>**26 ഗുണഭോക്താക്കൾക്കായി 12.23 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷനാണ് ഇനി നടത്താനുള്ളത്.** |

| | | | |
|---|---|---|---|
| (സി) | ഈ ഇനത്തിൽ നഷ്ടം സംഭവിച്ച തുക എങ്ങനെ തിരിച്ചു പിടിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | **ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും ഭൂഉടമയും തമ്മിൽ വസ്തു കൈമാറ്റം സംബന്ധിച്ച് കരാർ വച്ചശേഷമാണ് ഭൂഉടമയ്ക്ക് വസ്തുവിന്റെ വില, ഗുണഭോക്താവ്, പഞ്ചായത്ത് പ്രസിഡന്റ്, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ നിന്നും കൈമാറുന്നത്. ഇനി 26 പേരുടെ 12.23 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ കൂടി പൂർത്തീകരിക്കാനുണ്ട്. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതോടു കൂടി 26 പേരും ഭൂമിയുടെ ഉടമസ്ഥരാകും.**<br><br>**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഭൂമി കണ്ടെത്തിയ 26 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി 06.01.2023-ന് വയനാട് കളക്ടേറ്റിൽ വച്ച് യോഗം ചേർന്നിരുന്നു. തുടർന്ന് 02.02.2023-ന് സുൽത്താൻ ബത്തേരി വൈൽഡ് ലൈഫ് വാർഡന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗുണഭോക്താവ്, നൂൽപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച് മേല്പറഞ്ഞ 26 കുടുംബങ്ങളുടെയും ഭൂമിയുടെ രജിസ്ട്രേഷൻ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ആവശ്യങ്ങൾക്ക് അക്കൗണ്ടിൽ തുക തികയാതെ വരുന്ന ഗുണഭോക്താക്കളുടെ ഭൂമിയുടെ രജിസ്ട്രേഷനായി SWF (Sanctuary Welfare Fund) -ൽ നിന്ന് തുക കണ്ടെത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.**<br><br>**വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ ഭൂമി ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്തു നൽകുന്നതിൽ സംഭവിച്ച കാലതാമസം ഉൾപ്പെടെയുള്ള അപാകതകൾ സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വിഷയം വനം വന്യജീവി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ